# തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ

പ്രസിദ്ധീകരണത്തിന്,

## പ്ലാസ്റ്റിക് നിരോധനം സ്‌ക്വാഡ്

പ്ലാസ്റ്റിക്ക് നിരോധനവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം നഗരസഭ 18/07/2022 ന് ഹെൽത്ത് സ്‌ക്വാഡ് 11 സ്ഥാപനങ്ങളിൽ നടത്തിയ പരിശോധനയിൽ 58 കി.ഗ്രാം നിരോധിത പ്ലാസ്റ്റിക്ക് ഉല്പന്നങ്ങളായ ക്യാരി ബാഗുകൾ, 4000 പേപ്പർ പ്ലേറ്റുകൾ, ഒറ്റത്തവണ ഉപയോഗിക്കുന്ന മറ്റ് പ്ലാസ്റ്റിക്ക് ഉല്പന്നങ്ങൾ 30 കി.ഗ്രാം എന്നിവ പിടിച്ചെടുത്തിട്ടുണ്ട്. മേല്പ്പടി നിരോധിത ഉല്പന്നങ്ങൾ വ്യാപാരം നടത്തിയ സ്ഥാപനങ്ങൾക്കെതിരെ മുനിസിപ്പൽ ആക്ട് പ്രകാരമുള്ള നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. നഗരസഭ പരിധിയിൽ ഒറ്റത്തവണ ഉപയോഗിക്കുന്ന എല്ലാത്തരം നിരോധിത പ്ലാസ്റ്റിക്ക് ഉല്പന്നങ്ങളുടേയും സ്റ്റോക്കിംഗ്, വിപണനം എന്നിവ പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. തുടർന്നും സ്‌ക്വാഡ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും നിരോധിത പ്ലാസ്റ്റിക്ക് ഉല്പന്നങ്ങളുടെ വിപണനം തടയുന്നതിനുമുള്ള എല്ലാ നിയമനടപടികളും നഗരസഭ സ്വീകരിക്കുന്നതാണ്.

Sd/-

തിരുവനന്തപുരം
18.07.2022

**പി.എ.ടു.മേയർ**